**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 325** **05-08-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായത്തിന്റെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ എം മുകേഷ് ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ എം എസ് അരുൺ കുമാർ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയുണ്ടാകുമോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ച ഉണ്ടാകും |
| (ബി) | കോവിഡ് സൃഷ്ടിച്ച കനത്ത തകർച്ചയിൽ നിന്നും പ്രസ്തുത പരമ്പരാഗത വ്യവസായത്തിന്റെ അതിജീവനത്തിന് സർക്കാർ നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന് 30 ഫാക്ടറികളും സഹകരണ അപ്പക്സ് സൊസൈറ്റിയായ കാപ്പക്സിന്റെ അധീനതയിൽ 10 കശുവണ്ടി ഫാക്ടറികളുമാണുള്ളത്. ഇതിൽ കേരളാ കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട് പ്രകാരം കേരള കശുവണ്ടി വികസന കോർപ്പറേഷൻ സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുത്ത 20 കശുവണ്ടി ഫാക്ടറികളും കാപ്പക്സിന്റെ കീഴിലുള്ള 10 ഫാക്ടറികളും ഉൾപ്പെടുന്നു. പ്രസ്തുത ഫാക്ടറികളെല്ലാം കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും പ്രോട്ടോക്കോൾ പാലിച്ച് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും തടസ്സമില്ലാതെ തോട്ടണ്ടി ലഭ്യത ഉറപ്പ് വരുത്തുന്നതിനായി 2017 ൽ രൂപീകരിച്ച കേരളാ കാഷ്യൂ ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. അടുത്ത വർഷം 50,000 മെട്രിക് ടൺ തോട്ടണ്ടി വിവിധ കശുവണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത്, കേരള സംസ്ഥാന |

കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും തോട്ടണ്ടിയുടെ അഭാവത്തിൽ പ്രവർത്തന രഹിതമായ സ്വകാര്യ മേഖലക്കും വിൽപന നടത്തി അവയുടെ അധീനതയിലുള്ള ഫാക്ടറികൾ പ്രവർത്തിപ്പിക്കുവാനും അതുവഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കാനുള്ള സാഹചര്യം ഉറപ്പ് വരുത്തിയിട്ടുണ്ട്. 2020-21 മുതൽ ജീവിതത്തിന്റെ സമസ്ത മേഖലയിലും കോവിഡ് മഹാമാരി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധി കൾക്കിടയിലും കഴിഞ്ഞ 5 വർഷക്കാലം കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് 511 ദിവസവും കാപ്പക്സ് ഫാക്ടറികളിലെ തൊഴിലാളികൾക്ക് 873 ദിവസവും തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി പ്രതിവർഷം മിനിമം 200 തൊഴിൽ ദിനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കാഷ്യൂ കോർപ്പറേഷനും കാപ്പക്സും പ്രവർത്തിക്കുന്നത്. കൂടാതെ കോവിഡ് സൃഷ്ടിച്ച കനത്ത തകർച്ചയിൽ നിന്നും കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി ആഭ്യന്തര തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്, സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കശുമാവ് കൃഷി വികസന ഏജൻസി കർഷകർക്ക് സൗജന്യമായി കശുമാവിൻ തൈകൾ വിതരണം ചെയ്തു വരുന്നു. ഇതിനായി കേന്ദ്ര സംസ്ഥാന അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റികൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വികസിപ്പിച്ചെടുത്ത അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ കശുമാവ് കൃഷി വികസന ഏജൻസി വാങ്ങി, നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ

അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക വത്കരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 510 ലക്ഷം രൂപയ്ക്ക് സർക്കാർ ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം കശുവണ്ടി ഫാക്ടറിത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനവും ജീവിത നിലവാരവും ഉറപ്പു വരുത്താൻ സാധിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ പാരിറ്റി അനുസരിച്ച് കൂടുതൽ തൊഴിലാളികളെ എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. 2021-22 കാലയളവിൽ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളിലെ നവീകരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനും (h/a 4851-00-195-99) വകയിരുത്തിയിരുന്ന 500 ലക്ഷം രൂപയിൽ നിന്നും 371.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതു പോലെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണവും നടത്തുന്നതിന് 2021-22 കാലയളവിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി കാപ്പെക്സിന് നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ പൂർണ്ണമായും പിൻവലിക്കുന്ന മുറയ്ക്ക് കാപ്പക്സ് ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് എന്നീ ഒഴിവുള്ള തസ്തികകളിൽ കൂടുതൽ തൊഴിലാളികളെ നിയമിച്ച് കൂടുതൽ പേർക്ക് ജോലി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനായി 06.02.2019 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാന പ്രകാരം പ്രതിസന്ധിയിലകപ്പെട്ട സ്വകാര്യ കശുവണ്ടി വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ

| | | | |
|---|---|---|---|
| | | | വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള മേൽ യോഗ തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്ന് ഓരോ കശുവണ്ടി യൂണിറ്റുകളും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ SLBC കൺവീനർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് നൽകിയിരുന്നു. പിന്നീട്, സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 21.12.2020ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.വ്യവസായ (കശുവണ്ടി) വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും, പുനഃക്രമീ കരിക്കാനാകാത്ത വായ്പകളിന്മേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് ഫോർമുല രൂപീകരിക്കാനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 4മീറ്റിംഗുകൾ ഇതിനകം ചേർന്നിട്ടുണ്ട്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി 12.07.2021 ന് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരായ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ നിർത്തി വയ്ക്കാനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 'ഒറ്റത്തവണ തീർപ്പാക്കൽ' ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും തമ്മിൽ സമവായത്തിലെത്തുന്നതോടെ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കു ന്നതാണ്. |
| (സി) | അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കാഷ്യൂ ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉദ്ദേശിക്കുന്നുണ്ട്. കശുവണ്ടി ഉത്പ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്ത് കേരള കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കുന്നതിനായി ഘാന, ഇന്തോനേഷ്യ, ഐവറി കോസ്റ്റ് എന്നീ |

| | | | |
|---|---|---|---|
| | | | രാജ്യങ്ങളിൽ നിന്നും ഈ സാമ്പത്തിക വർഷം തുടക്കം മുതൽ നാളിതുവരെ 8015 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 1135 മെട്രിക് ടൺ തോട്ടണ്ടി കൂടി കരാർ പ്രകാരം ഐവറികോസ്റ്റിൽ നിന്നും ലഭിക്കാനുണ്ട്. ഗിനി ബിസ്സാവുവിൽ നിന്നും 4000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള കരാറിലും ഒപ്പിട്ടിട്ടുണ്ട്. വരും നാളുകളിൽ കേരള കാഷ്യൂ ബോർഡിന്റെ സ്ഥാപിത ലക്ഷ്യങ്ങളിൽ ഒന്നായ കശുവണ്ടി ഉത്പ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഗവൺമെന്റ് ടു ഗവൺമെന്റ് പർച്ചേസ് സംവിധാനത്തിലൂടെ തോട്ടണ്ടി ഇറക്കുമതി ചെയ്യുവാനുള്ള നടപടികളുമായി കാഷ്യൂ ബോർഡ് മുന്നോട്ട് പോകുകയാണ്. |
| (ഡി) | ഗുണനിലവാരം കുറഞ്ഞ കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് സൃഷ്ടിക്കുന്ന ഭീഷണി ഒഴിവാക്കുവാൻ ബ്രാൻഡിംഗ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ പരിഗണിക്കുമോ; വിശദമാക്കുമോ? | (ഡി) | ഗുണനിലവാരം കുറഞ്ഞ കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് സൃഷ്ടിക്കുന്ന ഭീഷണി ഒഴിവാക്കുവാൻ കശുവണ്ടി വികസന കോർപ്പറേഷൻ ഉൽപാദിപ്പിക്കുന്ന കശുവണ്ടി പരിപ്പും മൂല്യ വർദ്ധിത ഉൽപന്നങ്ങളും 'സി.ഡി.സി കാഷ്യൂസ്' എന്ന ബ്രാൻഡ് നെയിമിലാണ് വിപണിയിൽ ഇറക്കിയിട്ടുള്ളത്. കാപ്പക്സിന്റെ കശുവണ്ടി പരിപ്പുകൾ വർഷങ്ങളായി 'കാപ്പക്സ് കാഷ്യൂസ്' എന്ന പേരിൽ ബ്രാൻഡ് ചെയ്ത് വിപണനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ